ടി. മുഹമ്മദ് വേളം

# അരാഷ്ട്രീയ ഇസ്‌ലാമിനെക്കുറിച്ച ഖുർആനിക പാഠങ്ങൾ

**ഒന്ന്:**

'രാഷ്ട്രീയ ഇസ്‌ലാം' എന്ന പ്രയോഗത്തിന് ഇന്ന് ലോകമാർക്കറ്റിൽ ഏറെ പ്രചാരമുണ്ട്. രാഷ്ട്രവും ദൈവവും ഒരിക്കലും പരസ്പരം കണ്ടുമുട്ടാത്ത സമാന്തര രേഖകളായിരിക്കണമെന്നതാണ് ആധുനിക ഭൗതിക നാഗരികതയുടെ വിശ്വാസകാര്യങ്ങളിൽ ഒന്ന്. ഈ നാഗരികതയുടെ ഏക പ്രതിപക്ഷമാണ് ഇസ്‌ലാം. ഇതാണ് 'രാഷ്ട്രീയ ഇസ്‌ലാം' എന്ന പദനിർമിതിയുടെ പശ്ചാത്തലം. ഒരു സാമൂഹിക രാഷ്ട്രീയ അനുഭവമെന്ന നിലക്ക് ഇസ്‌ലാം കൂടുതൽ മൂർത്തത കൈവരിക്കുന്നു എന്നതാണ് 'രാഷ്ട്രീയ ഇസ്‌ലാം' ഒരു തെറിവാക്ക് പോലെ വ്യാപകമായി പ്രയോഗിക്കപ്പെടുന്നതിന്റെ വർത്തമാന പരിസരം.

വിഭജിക്കപ്പെടാത്ത ദൈവത്തെയാണ് പ്രവാചകന്മാർ പ്രബോധനം ചെയ്തത്. മതമെന്നും രാഷ്ട്രീയമെന്നും പിരിച്ചെഴുതാത്ത ജീവിതമെന്ന ഒറ്റവാക്കിനെയാണ് പ്രവാചകന്മാർ അഭിസംബോധന ചെയ്തത്. പ്രാർഥനയിൽ അലൗകിക അധികാര സങ്കൽപങ്ങൾക്കെതിരെയും രാഷ്ട്രീയത്തിൽ രാജാവ്, പുരോഹിതൻ തുടങ്ങിയ അധികാര യാഥാർഥ്യങ്ങൾക്കെതിരെയുമുള്ള വെളിപാടിന്റെ ജനപക്ഷ കലാപങ്ങളായിരുന്നു പ്രവാചക പ്രബോധനങ്ങൾ. എന്നാൽ ഇവർക്കെതിരെ ജനവിരുദ്ധ അധികാരകേന്ദ്രങ്ങൾ ഉന്നയിച്ച ആരോപണങ്ങളിലൊന്ന് ഇവർ 'രാഷ്ട്രീയ കണ്ണുള്ള'വരോ 'മതരാഷ്ട്രവാദി'കളോ ആണെന്നതായിരുന്നു. മൂസാ, ഹാറൂൻ നബിമാരെക്കുറിച്ച് ഫറോവ പറയുന്നു: "ഭൂമിയിൽ നിങ്ങളിരുവരുടെയും ആധിപത്യം സ്ഥാപിക്കുന്നതിനാണ് നിങ്ങൾ വന്നിരിക്കുന്നത്" (*യൂനുസ്*: 78). നൂഹ് നബിയെക്കുറിച്ച് ആ സമൂഹത്തിലെ അധികാരികൾ പറഞ്ഞു: "ഇവൻ നിങ്ങളെപ്പോലെ ഒരു മനുഷ്യനല്ലാതൊന്നുമല്ല. നിങ്ങൾക്കു മീതെ ശ്രേഷ്ഠനാവാൻ നോക്കുകയാണിവൻ" (*അൽമുഅ്മിനൂൻ*: 24).

ജീവിതത്തെയും മരണത്തെയും മറുലോകത്തെയും മനുഷ്യനെയും മനുഷ്യബന്ധങ്ങളെയും മാലാഖമാരെയും ജിന്നുകളെയും കൊതുകിനെയും തേനീച്ചയെയും പൂമ്പാറ്റയെയും സർവോപരി ദൈവത്തെക്കുറിച്ചുമൊക്കെ സംസാരിക്കുന്ന അലൗകിക അരുളപ്പാടിനെ രാഷ്ട്രീയത്തിലേക്ക് ചുരുക്കിയെഴുതുക എന്നത് ശത്രു ചരിത്രത്തിലുടനീളം പരീക്ഷിച്ച അതിദുർബല പ്രതിരോധ സൂത്രങ്ങളിലൊന്നായിരുന്നു. ഭരണം ഞങ്ങളുടെ ജന്മാധികാരമാണെന്ന ജനവിരുദ്ധ രാഷ്ട്രീയവും ഈ ആരോപണത്തിൽ ഉള്ളടങ്ങിയിട്ടുണ്ട്. അധികാരം കൈയടക്കിവെച്ചവരായിരുന്നല്ലോ എന്നും ഇസ്‌ലാം അധികാരസ്വപ്നങ്ങൾ സൂക്ഷിക്കുന്നു എന്ന് ഒരു ക്രിമിനൽ കുറ്റമായി ഉന്നയിച്ചിരുന്നത്. ജീവിതത്തിന് പുതിയ നിറങ്ങൾ സ്വപ്നം കാണുന്നവർക്ക് രാഷ്ട്രീയത്തെക്കുറിച്ചും അജണ്ടകളുണ്ടാവുക എന്ന സ്വാഭാവികത മാത്രമാണ് പ്രവാചകന്മാരിൽ സംഭവിച്ചത്. പ്രവാചകന്മാർ സമഗ്രതയിൽ അവതരിപ്പിച്ച ഇസ്‌ലാമിനെ (അൽ ഇസ്‌ലാം) 'പൊളിറ്റിക്കൽ ഇസ്‌ലാം' എന്ന് വികല വിവർത്തനം ചെയ്യാൻ ശ്രമിച്ചത് അതത് കാലത്തെ ജനതയുടെ ഭൗതിക കാര്യങ്ങളിൽ ദൈവമാകാൻ ശ്രമിച്ച അധികാര കേന്ദ്രങ്ങളായിരുന്നു. പ്രവാചകന്മാരും ജനതയും തമ്മിലുള്ള സംവാദത്തെ ഒരു രാഷ്ട്രീയ വിഷയം മാത്രമായി വെട്ടിച്ചുരുക്കുക എന്നത് അവരുടെ ആവശ്യമായിരുന്നു. നൂഹിന്റെ ജനതയിലെ പ്രഭുവർഗത്തിന്റെയും ഫറോവയുടെയും മക്കയിലെ ഖുറൈശീ നാടുവാഴികളുടെയും നിലനിൽക്കുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിന്റെയും ഇസ്‌ലാമിനെതിരായ ആരോപണങ്ങൾ എത്ര കൃത്യമായാണ് ഒന്നുതന്നെയാകുന്നത് എന്ന് ആലോചിക്കുക: "എന്നും ഇവ്വിധം തന്നെയാണ് സംഭവിച്ചുപോന്നത്. മന്ത്രവാദിയെന്നോ ഭ്രാന്തനെന്നോ അധിക്ഷേപിക്കപ്പെടാതെ ഇവർക്കുമുമ്പുണ്ടായിരുന്ന സമുദായങ്ങളിലും ഒരു ദൂതനും വന്നിട്ടില്ല. ഈ ജനതകളൊക്കെയും ഇങ്ങനെ പ്രതികരിക്കാൻ പരസ്പര ധാരണയിലെത്തിയതാണോ? അല്ല, അവരൊക്കെയും ദൈവധിക്കാരികളായ ജനതയാണ് എന്നതാണതിനു കാരണം" (*അദ്ദാരിയാത്ത്*: 52,53).

**രണ്ട്:**

രാഷ്ട്രീയ ഇസ്‌ലാം എന്ന കുറ്റാരോപണത്തിനു മാത്രമല്ല അരാഷ്ട്രീയ ഇസ്‌ലാം എന്ന പ്രായോഗിക സൈദ്ധാന്തിക മാതൃകക്കും ചരിത്രത്തിൽ വേരുകളുണ്ട്. ഇസ്‌ലാമിനെ അരാഷ്ട്രീയവത്കരിക്കുന്നതിലൂടെ ജാഹിലിയ്യത്തിന് പ്രതിപക്ഷമില്ലാത്ത നാഗരികാധികാരം ലഭിക്കും. ഇത് അവരെ ഏറ്റവും പ്രലോഭിപ്പിക്കുന്ന കിനാവാണ്. അതുകൊണ്ടുതന്നെ ഇത്തരമൊരു ഇസ്‌ലാമിന്റെ പ്രതിനിധാനത്തിന് സർവ പിന്തുണയും നിലനിൽക്കുന്ന അധികാരമേടകൾ നൽകിപ്പോന്നിട്ടുണ്ട്. പ്രവാചകൻ ഒരു ശരീര സാന്നിധ്യമായി ചരിത്രത്തിൽ ഉണ്ടായിരിക്കെത്തന്നെ ഇതിനുള്ള ശ്രമങ്ങൾ നടന്നതായി നമുക്ക് കാണാൻ കഴിയും.

യുദ്ധമായിരുന്നു ഖുർആൻ അവതരിച്ചുകൊണ്ടിരുന്ന സമൂഹത്തിലെ ഏറ്റവും തീക്ഷ്ണമായ രാഷ്ട്രീയ അനുഭവം. വ്യവസ്ഥിതിയുടെ സ്വഭാവവും അധികാരഘടനയും നിർണയി

ക്കപ്പെട്ടിരുന്നത് യുദ്ധത്തിലൂടെയാണ്.

പട്ടിണിയുടെയും വരൾച്ചയുടെയും ഒത്തനടുക്കാണ് റോമക്കാരുമായുള്ള തബൂക്ക് യുദ്ധം വന്നുചേർന്നത്. ചില മുസ്‌ലിംകൾ യുദ്ധം പോലുള്ള ഫിത്ന(കുഴപ്പം)കളിൽ നിന്നൊക്കെ തങ്ങളെ ഒഴിവാക്കണമെന്നഭ്യർഥിച്ചുകൊണ്ട് പ്രവാചകനെ സമീപിച്ചു. അവരെക്കുറിച്ച് അല്ലാഹു പറയുന്നു: 'അവരിൽ ഇപ്രകാരം പറയുന്ന ചിലരുണ്ട്: എനിക്ക് ഇളവ് തന്നാലും. എന്നെ ഫിത്നയിൽ (കുഴപ്പത്തിൽ) അകപ്പെടുത്താതിരുന്നാലും. എന്നാൽ ഫിത്നയിൽ(കുഴപ്പത്തിൽ) തന്നെയാണവർ അകപ്പെട്ടിരിക്കുന്നത്. തീർച്ചയായും നരകം ഈ നിഷേധികളെ വലയം ചെയ്തിരിക്കുന്നു" (*അത്തൗബ*: 49).

അരാഷ്ട്രീയതയാണ് ഫിത്ന(കുഴപ്പം) എന്നാണ് ഖുർആൻ പ്രഖ്യാപിക്കുന്നത്. അരാഷ്ട്രീയതയെ അഥവാ സാമൂഹിക ആക്ടിവിസമില്ലായ്മയെ ഫിത്ന എന്ന് വിളിക്കാൻ രണ്ട് കാരണങ്ങളുണ്ട്. ഒന്ന്, ലോകത്ത് ഫിത്ന(കുഴപ്പം) ഇല്ലാതാക്കാനാണ് ഇസ്‌ലാം യുദ്ധം ഉൾപ്പെടെയുള്ള രാഷ്ട്രീയ ആക്ടിവിസത്തിനും ആഹ്വാനം ചെയ്യുന്നത് (*അൽബഖറ*: 192). മുസ്‌ലിംകൾ രാഷ്ട്രീയമായ ദൈവഭക്തിയും ജാഗ്രതയും പുലർത്തിയില്ലെങ്കിൽ ഭൂമിയിൽ കുഴപ്പം (ഫിത്ന) ഉണ്ടായിത്തീരും (*അൽഅൻഫാൽ*: 72,73). രണ്ട്, വ്യക്തിപരമായിത്തന്നെയും ഒരാൾ ചെന്നു ചാടാവുന്ന ഏറ്റവും വലിയ ഫിത്നയാണ് മതം അരാഷ്ട്രീയമാണെന്ന വാദവും വിശ്വാസവും.

അലസവേഷത്തിൽ കൈയിൽ റിമോട്ടുമായി ലോകത്തിലെ അധികാരിവർഗത്തിന്റെ ജനവിരുദ്ധതകളും അതിനെതിരായ ജനകീയ ചെറുത്തുനിൽപുകളുമെല്ലാം 'വാർത്തകളാ'യി ആസ്വദിക്കുന്ന അരാഷ്ട്രീയ മധ്യവർഗത്തെക്കൂടി തുറന്നുകാണിച്ചുകൊണ്ട് കപടവിശ്വാസികളെ മുന്നിൽനിർത്തി ഖുർആൻ പറയുന്നു: "ആക്രമണകാരികൾ ഇനിയും തിരിച്ചുപോയിട്ടില്ലെന്നാണവർ കരുതുന്നത്. അവർ ഇനിയും ആക്രമണം നടത്തുകയാണെങ്കിൽ തങ്ങൾക്ക് വല്ല മരുഭൂമിയിലും ബദവികൾക്കിടയിൽ പോയൊളിക്കാനും അവിടെനിന്ന് നിങ്ങളുടെ വാർത്തകളറിയാനും കഴിഞ്ഞെങ്കിൽ എന്നവരാഗ്രഹിക്കുന്നു" (*അൽ അഹ്സാബ്*: 20).

പ്രവാചകന്റെ കാലത്തെ മുനാഫിഖുകളുടെ ചിതറിയ നിലപാടുകളെയും പ്രസ്താവനകളെയും ചേർത്തുവെച്ചാൽ, ഇന്ന് സമുദായം ആചരിക്കുകയും ഭൗതിക നാഗരികത കൊണ്ടാടുകയും ചെയ്യുന്ന അരാഷ്ട്രീയ ഇസ്‌ലാം തന്നെയായിരുന്നു അതെന്ന് ബോധ്യമാകും. മനസ്സ് വെറുത്തും മടിപിടിച്ചുമായിരുന്നെങ്കിലും നമസ്കാരത്തിലും സകാത്തിലുമെല്ലാം സാങ്കേതികമായെങ്കിലും അവർ പങ്കുചേർന്നിരുന്നു. അവർ പങ്കുചേരാൻ വിസമ്മതിച്ച ഇസ്‌ലാമിക കർമം യുദ്ധമായിരുന്നു. യുദ്ധമാവട്ടെ വളരെ കൃത്യമായ രാഷ്ട്രീയ മുഖമുള്ള ഒന്നുമായിരുന്നു. മതപ്രചാരണത്തിന് വേണ്ടിയായിരുന്നില്ല, നിലനിൽക്കുന്ന അധികാര കേന്ദ്രങ്ങളുടെ ജനാധിപത്യ വിരുദ്ധതക്കും ജനവിരുദ്ധതക്കുമെതിരായിരുന്നു ഇസ്‌ലാമിന്റെ പടനീക്കങ്ങൾ. അതിൽ പങ്കുചേരാനും അംഗീകരിക്കാനും സാധ്യമല്ല എന്നതായിരുന്നു കപടന്മാരുടെ നിലപാട്.

ദൈവിക പാഠങ്ങളെ അരാഷ്ട്രീയമായി പ്രതിനിധീകരിക്കാനുള്ള ശ്രമം ചരിത്രത്തിലെ പുതിയ അനുഭവമല്ല എന്ന് ചുരുക്കം. മുനാഫിഖുകൾ ഒരടവ് എന്ന നിലക്ക് പയറ്റിയ ഈ തന്ത്രം പിൽക്കാലത്ത് 'ആത്മാർഥത'യോടെ തന്നെ മുസ്‌ലിം സമുദായത്തിൽ പിന്തുടരപ്പെട്ടു എന്നതാണ് വേദനിപ്പിക്കുന്ന വസ്തുത.

**മൂന്ന്:**

ഇസ്‌ലാം ഒരു തത്ത്വസംഹിത മാത്രമല്ല, ഒരു പ്രയോഗ പദ്ധതികൂടിയാണ്. പ്രവാചകന്മാർക്ക് ഗ്രന്ഥവും (കിതാബ്), യുക്തിജ്ഞാനവും (ഹിക്മത്ത്) നൽകിയതായി ഖുർആൻ പലേടത്തും പറയുന്നുണ്ട്. കിതാബ് തത്ത്വത്തെയും ഹിക്മത്ത് പ്രയോഗത്തെയുമാണ് പ്രതിനിധീകരിക്കുന്നത്. ഒന്നിനെ അതിന്റെ യഥാസ്ഥാനത്ത് വെക്കലാണ് ഭാഷാപരമായി ഹിക്മത്ത്. ടെക്സ്റ്റി(കിതാബ്)ന്റെ പശ്ചാത്തലം പരിഗണിച്ചുള്ള യഥാവിധിയുള്ള പ്രയോഗം എന്ന് സാങ്കേതികമായി അതിനെ വ്യവഹരിക്കാം. ഈ യുക്തിബോധത്തിന്റെ അഭാവത്തിലുള്ള ടെക്സ്റ്റിന്റെ പ്രയോഗം ദൈവികമല്ല എന്നാണ്, 'പ്രവാചകന്മാർക്ക് ഹിക്മത്തും ഗ്രന്ഥവും നൽകി' എന്ന് ചേർത്തു പറഞ്ഞതിലൂടെ അല്ലാഹു പഠിപ്പിക്കുന്നത്.

ഇബ്റാഹീം(അ) നടത്തിയ വിഗ്രഹധ്വംസനത്തിന്റെ ചരിത്രം ഖുർആൻ വിസ്തരിച്ച് അവതരിപ്പിക്കുന്നുണ്ട് (*അസ്സ്വാഫാത്ത്*: 90,93 *അൽ അമ്പിയാഅ്*: 57–70). ഇബ്റാഹീമിലും അദ്ദേഹത്തിന്റെ കൂട്ടുകാരിലും നിങ്ങൾക്ക് വിശിഷ്ട മാതൃകയുണ്ട് (*അൽമുംതഹിന*: 4) എന്നും ഖുർആൻ പറയുന്നു. എന്നാൽ വിഗ്രഹധ്വംസകനായ ഇബ്റാഹീം നബിയുടെ വിഗ്രഹം ഉൾപ്പെടെ മുന്നൂറ്റിപ്പതിനാല് ബിംബങ്ങൾ മുഹമ്മദ് നബി ആഗതനാവുന്ന കാലത്ത് കഅ്ബയിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. ഇബ്റാഹീമീ മാതൃക പിൻപറ്റിയ മുഹമ്മദ്(സ) ഒരൊറ്റ വിഗ്രഹത്തിന്റെ മേലും കൈവെക്കാതെ പോയതെന്തുകൊണ്ടാണ്? പ്രമാണങ്ങളുടെ വാചാലതയെ മാത്രമല്ല മൗനത്തെയും വായിക്കുമ്പോഴാണ് ഹിക്മത്തിന്റെ പൊരുൾ നമുക്ക് തെളിഞ്ഞുകിട്ടുക.

സുന്നത്തിന്റെ പ്രയോഗത്തിന് നേതൃത്വം നൽകിയത് ഖിലാഫത്തായിരുന്നു. ഖിലാഫത്തുർറാശിദഃ എന്നാൽ സുന്നത്തിന്റെ ചരിത്രപരമായ വികാസത്തിന്റെ പ്രായോഗികമായ പേരുകൂടിയാണ്. അതുകൊണ്ടാണ് പ്രവാചകൻ(സ) സകാത്തില്ല എന്ന് പറഞ്ഞ കുതിരക്ക് ഉമർ(റ) സകാത്ത് നൽകാൻ കൽപിച്ചത്. നബി(സ) ഒരാടിന് ഇരുപത് ദിർഹം സകാത്തായി കണക്കാക്കിയപ്പോൾ അലി(റ) അത് പത്ത് ദിർഹം അഥവാ രണ്ടാട് ആയി പുനർനിശ്ചയിച്ചത്. ആടിന്റെ വിലയിലുണ്ടായ മാറ്റമാണ് ഈ തോത്മാറ്റത്തിന് കാരണം.

പക്ഷേ, പിൽക്കാലത്ത് സാമൂഹിക സാഹചര്യങ്ങൾ പരിഗണിക്കാതെ പ്രമാണങ്ങളെ പ്രയോഗിക്കാനുള്ള ശ്രമങ്ങളുണ്ടായി. ശരീഅത്ത് സാമൂഹികനന്മക്ക് എന്നതിനു പകരം ശരീഅത്ത് ശരീഅത്തിനുവേണ്ടി എന്ന മനോഘടന രൂപപ്പെട്ടു. ചരിത്രത്തിൽ മുന്നോട്ടുപോകുന്ന ഒരു സമൂഹത്തിന്റെ വഴിവെട്ടമാകേണ്ട പ്രമാണങ്ങളെ ഏറ്റവും വലിയ വഴിമുടക്കങ്ങളാക്കിമാറ്റി.

മാറുന്ന ചരിത്രത്തിൽ ഇസ്‌ലാമിനെ പ്രയോഗിക്കാനുള്ള വൈജ്ഞാനിക ഗൃഹപാഠമാണ് ഇജ്തിഹാദ്. ഇസ്‌ലാമിനെ ചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ സ്തംഭിപ്പിച്ചുനിർത്തിയ ഇജ്തിഹാദീ വിരുദ്ധ അനുകരണവാദവുമായി കലഹിച്ചുകൊണ്ടാണ് ആധുനിക പരിഷ്കരണ പ്രസ്ഥാനങ്ങൾ രംഗത്തുവന്നത്. എന്നാൽ, ഇജ്തിഹാദിന്റെ വാതിലുകൾ തുറക്കണമെന്ന് പ്രക്ഷോഭം നടത്താനല്ലാതെ അത് തുറന്നിട്ട് എന്തു ചെയ്യുമെന്നതിനെക്കുറിച്ച് പല മതപരിഷ്കരണ പ്രസ്ഥാനങ്ങൾക്കും വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നില്ല. മതം സമം ആരാധന എന്ന സമവാക്യത്തിൽ വിശ്വസിക്കുന്നവർക്ക് ഇജ്തിഹാദിന് ഒരലങ്കാരവാക്ക് എന്നതിൽ കവിഞ്ഞ മൂല്യമുണ്ടാകാൻ ഒരു ന്യായവുമില്ല. പ്രമാണത്തിന്റെ മേലുള്ള എല്ലാ മനുഷ്യസ്പർശങ്ങളും കുടഞ്ഞു തെറിപ്പിച്ച് അവ പറയപ്പെട്ട സാഹചര്യവും പ്രയോഗിക്കാനുള്ള സന്ദർഭവും ഒന്നും പരിഗണിക്കാതെ അവയെ അക്ഷരങ്ങളുടെ അസ്ഥികൂടങ്ങളാക്കി മാറ്റുകയാണ് ചില ഉൽപതിഷ്ണു സംഘടനകൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ഇസ്‌ലാമിനെ അക്ഷരാനുകരണത്തിന്റെ തടവറകളിൽനിന്ന് മോചിപ്പിച്ച് ചരിത്രത്തിലേക്ക് പുനരാനയിക്കണം. ഇസ്‌ലാമിന്റെ സമകാലിക പ്രയോഗത്തിന് നേതൃത്വം നൽകപ്പെടണം. കിതാബിന്റെയും ഹിക്മത്തിന്റെയും പാരമ്പര്യം പുനരുജ്ജീവിപ്പിക്കപ്പെടണം. ഇസ്‌ലാമിനെ ഏത് സമൂഹത്തിൽ

പ്രയോഗവത്കരിച്ചാലും അത് എത്രയെങ്കിലും അളവിൽ രാഷ്ട്രവും സമ്പദ് വ്യവസ്ഥയും സംസ്കാരവും വിദ്യാഭ്യാസക്രമവും സൽസ്വഭാവവുമൊക്കെയായി മജ്ജയും മാംസവും കൈവരിക്കും. ഈ മജ്ജയും മാംസവുമുള്ള ഇസ്‌ലാമാണ് ചരിത്രത്തിൽ മനുഷ്യരുടെ മനം കവർന്നത്. തത്വപ്രചാരണത്തിലൂടെ മാത്രമല്ല അതിന്റെ സർഗാത്മകപ്രയോഗങ്ങളിലൂടെ കൂടിയാണ് ഇസ്‌ലാം ചരിത്രത്തിൽ വേരുകൾ പടർത്തിയത്.

ഖുർആനിലും സുന്നത്തിലും പ്രവാചക ജീവിതത്തിലെ വ്യത്യസ്ത ചരിത്രഘട്ടങ്ങളിലും സന്ദർഭങ്ങളിലുമുള്ള പാഠങ്ങൾ കാണാൻ കഴിയും. അമുസ്‌ലിംകളോട് അത്യുദാരമായി പെരുമാറിയ പാഠങ്ങളും കാർക്കശ്യത്തോടെ പെരുമാറാൻ ആവശ്യപ്പെടുന്ന പ്രമാണഭാഗങ്ങളും കാണാൻ കഴിയും. ഇവയുടെ പശ്ചാത്തലങ്ങൾ എന്താണ്? ഇതിലേതാണ് നമ്മുടെ സന്ദർഭത്തിൽ പ്രബലമാകുന്നത്?

പ്രവാചകൻ(സ) ഒരുതരം ബലപ്രയോഗവും പ്രത്യാക്രമണവും നടത്താതിരുന്ന മക്കയിലെ പതിമൂന്ന് കൊല്ലം പ്രവാചകാനന്തര മുസ്‌ലിം ജീവിതത്തിൽ പുനരാവർത്തന പ്രസക്തിയില്ലാത്തതാണ് എന്നതാണ് മുസ്‌ലിം 'സായുധ പ്രത്യാക്രമണ' പ്രസ്ഥാനങ്ങളുടെ നിലപാട്: "പ്രഥമ അഭിസംബോധകർക്കു നൽകിയ ഇടവേള പ്രവാചക ചരിത്രത്തിൽ ആവർത്തിക്കുന്നില്ല. യുദ്ധമൊഴിവാക്കാനുള്ള നിർദേശങ്ങൾ മുന്നോട്ടു വെച്ച് മൂന്നോ നാലോ ദിവസങ്ങൾ സമയമനുവദിക്കുമെന്നതല്ലാതെ ആവർത്തിത പതിമൂന്നിന് ഇസ്‌ലാമിൽ പ്രസക്തിയില്ല" (*തേജസ്*, 2007 ഒക്ടോബർ 31).

പ്രവാചകചരിത്രത്തിലെ ക്രമപ്രവൃദ്ധതയെ എന്നെന്നേക്കുമുള്ള മുസ്‌ലിം ഉമ്മത്തിന്റെ മുന്നിൽ അടഞ്ഞ പാഠഭാഗമായി പ്രഖ്യാപിക്കുകയാണ് ഇവിടെ ചെയ്യുന്നത്. അവസാന ഭാഗംകൊണ്ട് അടച്ചുകളഞ്ഞ, മുൻഭാഗങ്ങളെ മുഴുവൻ റദ്ദുചെയ്ത, ഇലാസ്തികതയില്ലാത്ത, വ്യത്യസ്ത സന്ദർഭങ്ങളോട് സംസാരിക്കാനാവാത്ത നിശ്ചല പ്രമാണങ്ങളാണ് ഇവർക്ക് നബിചര്യ. പ്രമാണതീവ്രവാദവും സാമുദായിക തീവ്രവാദവും ഒരു ബിന്ദുവിൽ കെട്ടിപ്പുണരുന്നതിന്റെ സാക്ഷ്യമാണ് മേലുദ്ധരണി. ചരിത്രനിരപേക്ഷമായ പ്രമാണവായനയാണ് രണ്ടിന്റെയും പൊതു രീതിശാസ്ത്രം.

പ്രമാണങ്ങളെ ചരിത്രപരമായും ചരിത്രത്തെ പ്രമാണപരമായും ഒരേസമയം സമീപിക്കാൻ സാധിക്കണം. അപ്പോൾ സകാത്തിനെ ക്ലാസ്സിക്കൽ കർമശാസ്ത്ര ഗ്രന്ഥങ്ങളുടെ ഉറക്കുത്തിയ മണത്തിൽനിന്ന് ചരിത്രത്തിന്റെ മണ്ണിലേക്കും വിയർപ്പിലേക്കും ചൂടിലേക്കും തണുപ്പിലേക്കും തിരിച്ചു പിടിക്കാനുള്ള വഴിയെന്താണ്?

നുബുവ്വത്തും ഖിലാഫത്തും ഭരണകൂടവുമില്ലാത്ത നാട്ടിൽ സാമൂഹിക സാഹചര്യങ്ങളെ വിലയിരുത്തി ഇസ്‌ലാമിന്റെ ആത്മാവ് അറിഞ്ഞ് ആവിഷ്കരിക്കുന്ന ഒരു സംഘടിത പ്രസ്ഥാനവും അതിന് ഇസ്‌ലാമിന്റെ എല്ലാ തലത്തെയും നിറവേറ്റാനുള്ള വൈജ്ഞാനിക ഗൃഹപാഠങ്ങളും ഇത് പ്രയോഗവത്കരിക്കുന്ന അനുയായികളും ഉണ്ടെങ്കിലേ ഇസ്‌ലാം ഒരു പ്രയോഗസൗന്ദര്യമായി നാടിനനുഭവിക്കാനാവൂ. പ്രയോഗത്തിന്റെ തലത്തിൽ നുബുവ്വത്തിന്റെയും ഖിലാഫത്തിന്റെയും ഇസ്‌ലാമിലെ സദ്ഭരണകൂടങ്ങളുടെയും ചരിത്രത്തുടർച്ചയാണ് ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ.

ഇസ്‌ലാമിന്റെ പ്രയോഗശാസ്ത്രവും കലയുമാണ് ഫിഖ്ഹ്. ഫിഖ്ഹിന് രാഷ്ട്രീയവും രാഷ്ട്രീയത്തിന് ഫിഖ്ഹും ഉണ്ടെന്നാണ് ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ തെളിയിച്ചു കൊണ്ടിരിക്കുന്നത്. 'ഫിഖ്ഹുൽ അഖല്ലിയ' (ന്യൂനപക്ഷത്തിന്റെ കർമശാസ്ത്രം), ഫിഖ്ഹുൽ ഔലവിയ്യ (മുൻഗണനാക്രമത്തിന്റെ കർമശാസ്ത്രം) എന്നിവ ആദ്യം പറഞ്ഞതിനും ഫിഖ്ഹുൽ ഇൻതിഖാബ് (തെരഞ്ഞെടുപ്പിന്റെ കർമശാസ്ത്രം) രണ്ടാമത് പറഞ്ഞതിന്റെയും ഉദാഹരണങ്ങളാണ്. ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ സംബന്ധിച്ചേടത്തോളം രാഷ്ട്രീയം മതപ്രമാണങ്ങളിൽനിന്നും മതപ്രമാണങ്ങൾ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളിൽനിന്നും വേർപെടുത്താനാവാത്ത അവിഭാജ്യതകളാണ്. അന്ധമായ അനുകരണവാദവും പ്രമാണങ്ങളുടെ അക്ഷരവായനാരീതിയും, അറിയാതെയും അറിഞ്ഞും അരാഷ്ട്രീയ ഇസ്‌ലാമിനെയാണ് പ്രതിനിധീകരിച്ചുകൊണ്ടിരിക്കുന്നത്. ◆